(ബി) എങ്കിൽ അപ്രകാരം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) താൽക്കാലിക/കോൺട്രാക്ട് നിയമനങ്ങൾ ഒഴിവാക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അപ്രകാരം എത്രപേർക്ക് പിരിച്ചുവിടൽ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) താൽക്കാലിക/കോൺട്രാക്ട് നിയമനങ്ങൾ ഒഴിവാക്കിയാൽ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ടു ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽ ഉത്തരവിനെതിരെ കമ്പനി ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും, പ്രസ്തുത അപ്പീൽ സ്വീകരിച്ചുകൊണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ 24-2-2005 മുതൽ ഒരാഴ്ചത്തെ സമയം ഹൈക്കോടതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് റിപ്പോർട്ടു ചെയ്യേണ്ട ഒഴിവുകൾ കണക്കാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) വിമുക്തഭട ഏജൻസികളുമായിട്ടുള്ള കരാർ അനുസരിച്ച് കരാർ വ്യവസ്ഥയിൽ സേവനത്തിനായി നിയോഗിക്കുന്ന ജീവനക്കാർക്ക് പ്രത്യേകമായി പിരിച്ചു വിടൽ നോട്ടീസ് നൽകേണ്ടതില്ല.

(ഇ) W.P. (C)No.40416/03 കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിംഗിൾ ബഞ്ച് വിധിക്കെതിരെ കമ്പനി ഒരു അപ്പീൽ (No. 403/2005) ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത അപ്പീൽ സ്വീകരിച്ചുകൊണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ 24-2-2005 മുതൽ ഒരാഴ്ചത്തെ സമയം നൽകിയിട്ടുള്ളതുമാണ്. ഇതനുസരിച്ച് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ കണക്കാക്കിവരുന്നു.

പത്തനംതിട്ട ജില്ലയിൽ പുതിയ എക്സൈസ് റേഞ്ച് ഓഫിസുകൾ തുറക്കുവാൻ നടപടി

37 [1754] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പത്തനംതിട്ട ജില്ലയിൽ എവിടെയൊക്കെയാണ് പുതിയ എക്സൈസ് റേഞ്ച് ഓഫീസുകൾ തുറക്കുവാനുള്ള നടപടികൾ പൂർത്തിയായിരിക്കുന്നത് ;

(ബി) ഇതു സംബന്ധിച്ച് തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശബരിമലയുടെയും ഇടത്താവളങ്ങളുടെയും സാമീപ്യം പരിഗണിച്ച് ശുപാർശ ചെയ്തിട്ടുള്ള എക്സൈസ് ഓഫീസുകൾ തുറക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ ___ സി) പത്തനംതിട്ട ജില്ലയിൽ പുതിയ എക്സൈസ് റേഞ്ച് ഓഫീസുകൾ തുറക്കുവാൻ സർക്കാർ നടപടികൾ ഒന്നും എടുത്തിട്ടില്ല.

പുതിയ മദ്യഷാപ്പുകൾ

38 [1755] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര മദ്യഷാപ്പുകൾക്ക് അനുമതി നൽകിയിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 106 വിദേശമദ്യഷാപ്പുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	..	15
കൊല്ലം	..	10
പത്തനംതിട്ട	..	5
ആലപ്പുഴ	..	6
കോട്ടയം	..	10
ഇടുക്കി	..	14
എറണാകുളം	..	6
തൃശ്ശൂർ	..	12
പാലക്കാട്	..	10
മലപ്പുറം	..	2
കോഴിക്കോട്	..	3
വയനാട്	..	3
കണ്ണൂർ	..	5
കാസർഗോഡ്	..	5
ആകെ	..	106

LIBRARY ARCHIVES Kerala Legislative Assembly